**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **14-03-2022 - ൽ മറുപടിയ്ക്ക്**

**എസ്. ആർ. അസോസിയേറ്റ്സിലെ തൊഴിൽ സമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒരു പ്രമുഖ ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ 50 ദിവസമായി നടന്ന സമരം കാരണം മാതമംഗലത്തെ എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനം പൂട്ടേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. എന്നാൽ 21.02.2022-ന് ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ തർക്കം രമ്യമായി ഒത്തു തീർപ്പാകുകയും 22.02.2022 മുതൽ സ്ഥാപനം തുറന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും സാധനം വാങ്ങിയതിന്റെ പേരിൽ കംപ്യൂട്ടർ സ്ഥാപന ഉടമയെ ട്രേഡ് യൂണിയൻ തൊഴിലാളികൾ മർദ്ദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സംഭവം ഗൗരവമായി കാണുകയും ഇത് സംബന്ധിച്ച് പെരിങ്ങോലം പോലീസ് സ്റ്റേഷനിൽ ക്രൈം.നം.78/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തുടർന്ന് ടി കേസിന്റെ കുറ്റപത്രം ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. |
| (സി) | എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് ലൈസൻസ് ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിനായി ലൈസൻസ് നൽകിയ മുറിയ്ക്ക് പുറമെ അധിക മുറികൾ സ്ഥാപനം ഉപയോഗിക്കുന്നതായി എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ലൈസൻസ് യഥാവിധി പുതുക്കുന്നതിന് നിർദ്ദേശം നൽകികൊണ്ട് പഞ്ചായത്ത് സ്ഥാപന ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പ്രകാരം പയ്യന്നൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ സ്ഥാപനത്തിന് രജിസ്ട്രേഷൻ നല്കിയിട്ടുണ്ട്. |
| (ഡി) | ഹൈക്കോടതി വിധി പ്രകാരം കയറ്റിറക്കിന് സ്വന്തം തൊഴിലാളികളെ നിയമിച്ചത് കൊണ്ടാണ് പ്രസ്തുത സ്ഥാപനം പൂട്ടേണ്ടി വന്നത് എന്നത് വസ്തുതയാണോ; | (ഡി) | എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിലെ 4 തൊഴിലാളികൾ അറ്റാച്ച്ഡ് കാർഡ് ലഭിക്കുന്നതിനു വേണ്ടി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും 29.10.2021 -ലെ ഉത്തരവ് പ്രകാരം 4 തൊഴിലാളികൾക്ക് അറ്റാച്ച്ഡ് കാർഡ് നല്കുവാൻ ഉത്തരവായതിനെ തുടർന്ന് ആയത് അനുവദിക്കുകയും ഇക്കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | പ്രദേശത്തെ തൊഴിലാളികളുമായി തർക്കം ഉണ്ടാകുകയും സ്ഥാപനത്തിന് മുന്നിൽ സമരം ആരംഭിക്കുകയും, ആയതിനെ തുടർന്ന് കടയുടമ സ്വമേധയാ 14.02.2022 മുതൽ സ്ഥാപനം പ്രവർത്തനം നിർത്തുകയും ചെയ്തു. തുടർന്ന് 21.02.2022-ന് ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ തർക്കം രമ്യമായി ഒത്തുതീർപ്പാകുകയും 22.02.2022 മുതൽ സ്ഥാപനം തുടർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സമാനമായ തൊഴിൽ തർക്കങ്ങൾ പരിഹരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; 50 ദിവസം സമരം നടന്നിട്ടും പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഇ) | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ പദ്ധതി പ്രദേശങ്ങളിൽ രജിസ്റ്റേർഡ് സ്ഥാപനങ്ങളിൽ രജിസ്റ്റേർഡ് തൊഴിലാളികൾ ഉണ്ടായിട്ടും അറ്റാച്ച്ഡ് കാർഡ് നൽകുന്നതു വഴി തൊഴിൽ നഷ്ടപ്പെടുമെന്ന അരക്ഷിതാവസ്ഥ തൊഴിലാളികൾക്കിടയിലുണ്ട്. ഇത്തരം വിഷയങ്ങൾ മൂലം തൊഴിലാളികൾ ചെയ്തു കൊണ്ടിരുന്ന പല മേഖലകളിലേയും തൊഴിൽ കുറയുന്നതിനിടയാക്കിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട് ചിലയിടങ്ങളിൽ തൊഴിൽ തർക്കങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ ഇത്തരം തൊഴിൽ തർക്കങ്ങളിൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡും, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും സമയോചിതമായി ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ